പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2535 07/02/2019 ൽ മറുപടിക്ക്

കഴകം തസ്തികയിലെ നിയമനം

ചോദ്യം

ശ്രീ.വി.ഡി.സതീശൻ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊച്ചിൻ ദേവസ്വം ബോർഡിന് വേണ്ടി പ്രസിദ്ധീകരിച്ച കഴകം തസ്തികയിലെ റാങ്ക് ലിസ്റ്റിൽ (മെയിൻ ആന്റ് സപ്ലിമെന്ററി) എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; | (എ) | മെയിൻ ലിസ്റ്റിൽ - 285 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 62 പേരും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ കൊച്ചിൻ ദേവസ്വം ബോർഡിൽ കഴകം തസ്തികയുടെ എത്ര ഒഴിവുകളുണ്ട്; അതിൽ എത്രയെണ്ണം റിക്രൂട്ട്മെന്റ് ബോർഡിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | കഴകം തസ്തികയിലെ ആകെ ഒഴിവുകളുടെ എണ്ണം ശേഖരിച്ചു വരുന്നു. കഴകം തസ്തികയിലെ 60 ഒഴിവുകൾ കേരള റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയിൽ താല്ക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലിചെയ്യുന്നുണ്ട്; | (സി) | നിലവിൽ റിപ്പോർട്ട് ചെയ്ത തസ്തികകളിൽ ദിവസവേതന ജീവനക്കാർ ജോലി ചെയ്തിരുന്നു. മറ്റ് ക്ഷേത്രങ്ങളിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ഡി) | താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽക്കൂടി നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ